21 നവംബർ 2019

കുടുംബശ്രീ
# പ്രതിധ്വനി

www.kudumbashree.org

കേരള സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ

ലക്കം : 50

### കുടുംബശ്രീയും കിലയും സംയുക്തമായി

# വയോജന സൗഹൃദ സമൂഹം- ദേശീയ ശിൽപ്പശാല സംഘടിപ്പിച്ചു




വയോജന സൗഹൃദ സമൂഹം എന്ന ആശയം മുനിർത്തി കുടുംബശ്രീ യും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനും (കില) സംയുക്തമായി ദേശീയ ശിൽപ്പശാല സംഘടിപ്പിച്ചു. തിരുവനന്തപുരം മാസ്കോട്ട് ഹോട്ടലിൽ നവംബർ 19, 20 തീയതികളിലായിരുന്നു ദ്വിദിന ശിൽപ്പശാല. 19ന് നടന്ന ചടങ്ങിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീൻ ശിൽപ്പശാല ഉദ്ഘാടനം ചെയ്തു. സംസ്ഥാനത്ത് വയോജന ക്ഷേമം ഫലപ്രദമായി നടപ്പാക്കാൻ വിവിധ വകുപ്പുകൾ സംഘടനകൾ, ഏജൻസികൾ എന്നിവ മുഖേന നല്കുന്ന എല്ലാ സേവനങ്ങളും ഏകോപിപ്പിച്ചു കൊണ്ട് പദ്ധതികൾ തയ്യാറാക്കണമെന്ന് തദ്ദേശ സ്വയംഭരണ മന്ത്രി എ.സി.മൊയ്തീൻ പറഞ്ഞു.

കേരളത്തിന് വ്യക്തമായ ഒരു വയോജന നയമുണ്ട്. ഇതിൽ വിഭാവനം ചെയ്തിട്ടുള്ള വിധത്തിൽ വയോജനങ്ങളുടെ ശാരീരിക, മാനസിക, സാമൂഹിക സുരക്ഷിതത്വം ഉറപ്പുവരുത്തി അന്തസ്സോടെ ജീവിക്കാൻ പര്യാപ്തമാകുന്ന വിധത്തിലുള്ള ഭൗതിക സാഹചര്യങ്ങൾ സൃഷ്ടിക്കുകയാണ് വേണ്ടത്. വയോജനക്ഷേമം മുൻ നിർത്തി മിക്ക തദ്ദേശ സ്ഥാപനങ്ങളും തങ്ങളുടെ വാർഷിക കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. നിലവിൽ നടപ്പാക്കി വരുന്ന പകൽവീട് അത്തരത്തിൽ മികച്ച ഒരു മാതൃകയാണ്. പൊതുസമൂഹത്തിന്റെ ജാഗ്രതയും കരുതലും അനിവാര്യമായ ഒന്നാണ് വയോജനങ്ങളുടെ സുരക്ഷ. തദ്ദേശ സ്ഥാപനങ്ങൾക്കും കുടുംബശ്രീ സംഘടനാ സംവിധാനത്തിനും ഇക്കാര്യത്തിൽ ശ്രദ്ധേയവും മാതൃകാപരവുമായ രീതിയിൽ പ്രവർത്തിക്കാനാകും. ഇനിയുമേറെ കാര്യങ്ങൾ സമൂഹത്തിനായി നിർവഹിക്കാൻ കഴിയുമെന്നും അതിനുള്ള യുവത്വം വയോജനങ്ങൾക്കുണ്ടെന്നും തെളിയിക്കാൻ കഴിയുന്ന സംസ്ഥാനമായി കേരളം മാറണമെന്നും അദ്ദേഹം വ്യക്തമാക്കി.

വയോജനക്ഷേമ പ്രവർത്തനങ്ങൾ സാമൂഹ്യനീതിയിൽ അധിഷ്ഠിതമാക്കുന്നതോടൊപ്പം ഇത്തരം സേവനങ്ങൾ വയോജനങ്ങളുടെ അവകാശമായി കാണുന്ന തലത്തിലേക്ക് ബന്ധപ്പെട്ട നയങ്ങളും പദ്ധതി പ്രവർത്തനങ്ങളും മാറണമെന്ന് അധ്യക്ഷ പ്രസംഗത്തിൽ കില ഡയറക്ടർ ഡോ. ജോയ് ഇളമൺ പറഞ്ഞു. കുടുംബശ്രീ നാഷണൽ റിസോഴ്സ് ഓർഗനൈസേഷൻ സി.ഒ.ഒ സജിത് സുകുമാരൻ സ്വാഗതം പറഞ്ഞു. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ സെമിനാറിൻെറ ആശയവും ലക്ഷ്യങ്ങളും വിശദമാക്കി.

മുൻ ചീഫ് സെക്രട്ടറി എസ്.എം വിജയാനന്ദ്, ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ.രാജൻ കോബ്രഗേഡ്, ഡോ.പി.കെ.ബി നായർ, ഡോ.കെ.ആർ ഗംഗാധരൻ, ആസൂത്രണ ബോർഡ് അംഗം ഡോ.ബി. ഇക്ബാൽ, ഡോ. ഇറുദയ രാജൻ, മാത്യു ചെറിയാൻ, ഡോ. ഗീതാ ഗോപാൽ, ഡോ.അരവിന്ദ് കസ്തൂരി, ഡോ.എം.ആർ.രാജഗോപാൽ, ഡോ.എസ്. ശിവരാജു, ഡോ.പി.വി ഉണ്ണിക്കൃഷ്ണൻ, ഡോ.എം.അയ്യപ്പൻ, ഹരിതമിഷൻ സ്റ്റേറ്റ് കൺസൾട്ടൻറ് എൻ.ജഗജീവൻ, ആനന്ദ് കുമാർ, ബി.ആർ.ബി പുത്രൻ എന്നിവർ പ്രായാധിക്യവും അതുയർത്തുന്ന പ്രശ്നങ്ങളും, വാർദ്ധക്യ സംരക്ഷണത്തിലെ വെല്ലുവിളികൾ, കെയർ എക്കണോമി, സാമൂഹ്യനീതിയുടെ മാനങ്ങൾ, വാർധക്യ സംരക്ഷണം-നയങ്ങളും നിയമവും തുടങ്ങി വിവിധ വിഷയങ്ങൾ സെമിനാറിൽ അവതരിപ്പിച്ചു. മേയേഴ്സ് ചേമ്പർ ചെയർമാൻ തോട്ടത്തിൽ രവീന്ദ്രൻ, മുനിസിപ്പൽ ചെയർമാൻസ് ചേമ്പർ സെക്രട്ടറി സാബു.കെ ജേക്കബ്, ഗ്രാമപഞ്ചായത്ത് പ്രസിഡൻറ്സ് അസോസിയേഷൻ പ്രസിഡൻറ് അഡ്വ.കെ. തുളസീ ബായ്, നെയ്യാറ്റിൻകര നഗരസഭാധ്യക്ഷ ഡബ്ളിയു.ആർ ഹീബ എന്നിവർ ആശംസാ പ്രസംഗം നടത്തി. കുടുംബശ്രീ പ്രോഗ്രാം ഓഫീസർ കെ.വി. പ്രമോദ് നന്ദി അറിയിച്ചു.

രണ്ട് ദിവസങ്ങളിലായി നടന്ന ശിൽപ്പശാലയിൽ വിവിധ വകുപ്പുകൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ പ്രതിനിധികൾ, ത്രിതല പഞ്ചായത്ത് അധികൃതർ, സാമൂഹിക വികസന-അക്കാഡമിക് രംഗത്തെ വിദഗ്ധർ, സോഷ്യൽ വർക്ക് കോളേജുകളിലെ അധ്യാപകർ, കുടുംബശ്രീയിലെയും കിലയിലെയും ഉന്നത ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു. സമൂഹത്തിലെ വ്യത്യസ്ത മേഖലകളിലെ വിദഗ്ധരുടെ പങ്കാളിത്തം കൊണ്ടും മികച്ച വിഷയാവതരണവും ചർച്ചയും കൊണ്ടും രണ്ടു ദിവസത്തെ സെമിനാർ ഏറെ ശ്രദ്ധേയമായി.

20ന് നടന്ന സമാപന സമ്മേളനത്തിൽ വയോജന സൗഹൃദ സമൂഹം സൃഷ്ടിക്കുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ മുൻ ചീഫ് സെക്രട്ടറി എസ്.എം. വിജയാനന്ദ് പങ്കുവച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് (റൂറൽ) പ്രിൻസിപ്പൽ സെക്രട്ടറി ശാരദാ മുരളീധരൻ അധ്യക്ഷത വഹിച്ചു. കില ഫാക്കൽറ്റി ഡോ.പീറ്റർ എം.രാജ് സ്വാഗതം ആശംസിച്ചു. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ, പ്രോഗ്രാം ഓഫീസർ ജി.എസ്. അമൃത, കുടുംബശ്രീ എൻ.ആർ.ഒ ചീഫ് ഓപ്പറേറ്റിങ്ങ് ഓഫീസർ സജിത് സുകുമാരൻ എന്നിവർ ആശംസകൾ നേർന്നു. കുടുംബശ്രീ സ്റ്റേറ്റ് പ്രോഗ്രാം മാനേജർ പ്രഭാകരൻ മേലാത്ത് നന്ദി അറിയിച്ചു.



*മുൻ ചീഫ് സെക്രട്ടറി എസ്.എം.വിജയാനന്ദ്.*





# "ആരും ഒറ്റയ്ക്കല്ല, സമൂഹം കൂടെയുണ്ട്"

### സ്നേഹിത കോളിങ് ബെൽ വാരാചാരണം സംഘടിപ്പിച്ചു



ആരും ഒറ്റയ്ക്കല്ല, സമൂഹം കൂടെയുണ്ട്, എന്ന സന്ദേശവുമായി കുടുംബശ്രീയുടെ 'സ്നേഹിത കോളിങ് ബെൽ വാരാചരണം' സംസ്ഥാനമൊട്ടാകെ സംഘടിപ്പിച്ചു. നവംബർ 15 മുതൽ 21 വരെയായിരുന്നു വാരാചരണം. സമൂഹത്തിൽ സഹായം ആവശ്യമുള്ള, ഒറ്റയ്ക്ക് താമസിക്കുന്നവർക്ക് കുടുംബശ്രീ സംഘടനാ സംവിധാനം വഴി സഹായങ്ങൾ എത്തിക്കുന്നതിനുള്ള സംവിധാനമാണ് 'സ്നേഹിത കോളിങ് ബെൽ'. ഈ പദ്ധതിക്കാവശ്യമായ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുക, സേവനങ്ങൾ നൽകാൻ ബഹുജന പിന്തുണ ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് സംസ്ഥാനത്തൊട്ടാകെയുള്ള എല്ലാ അയൽക്കൂട്ടങ്ങളിലും വാരാചരണം സംഘടിപ്പിച്ചത്.

വാരാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നവംബർ 15ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീൻ തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട പഞ്ചായത്തിലെ ഇളവൻകോണത്ത് നിർവ്വഹിച്ചു. ഐ.ബി. സതീഷ് എംഎൽഎ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ ഐഎഎസ് പദ്ധതി വിശദീകരിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.കെ. മധു, പഞ്ചായത്ത് പ്രസിഡന്റ് എസ്. അജിത. ബ്ലോക്ക് പഞ്ചായത്ത് സ്ഥിരം സമിതി ചെയർമാൻ ജി. സ്റ്റീഫൻ, പഞ്ചായത്തംഗങ്ങൾ, കുടുംബശ്രീ പ്രോഗ്രാം മാനേജർ സോയാ തോമസ്, കെ. അനസൂയ എന്നിവർ സംസാരിച്ചു. ഉദ്ഘാടന ചടങ്ങിന്റെ ഭാഗമായി കാട്ടാക്കട പഞ്ചായത്തിലെ പ്ലാവൂർ വാർഡിലുള്ള രാഹുൽ എന്ന കുട്ടിയുടെ പരിചരണത്തിനായി 'പൗർണ്ണമി' അയൽക്കൂട്ടം പഞ്ചായത്തുമായി ചേർന്ന് നടത്തുന്ന സേവനങ്ങൾ മന്ത്രി നേരിൽ കാണുകയും അയൽക്കൂട്ടയോഗത്തിൽ പങ്കെടുക്കുകയും ചെയ്തു.

ഒറ്റയ്ക്ക് താമസിക്കുന്ന, വിവിധ സാമൂഹിക, സാമ്പത്തിക സേവനങ്ങളും സഹായവും ആവശ്യമുള്ള 57,555 പേരാണ് സ്നേഹിത കോളിങ് ബെൽ ഗുണഭോക്താക്കളായുള്ളത്.

ഓരോ അയൽക്കൂട്ട വും അല്ലെങ്കിൽ വാർഡ് തലത്തിൽ എ.ഡി.എസിന്റെ നേതൃത്വത്തിൽ അയൽക്കൂട്ടങ്ങൾ ഒരുമിച്ച്, ഓരോ സ്നേഹിത കോളിങ് ബെൽ ഗുണഭോക്താവിനുമുള്ള സേവനങ്ങൾ തുടർച്ചയായി നൽകാനുള്ള കടമ ഏറ്റെടുക്കുകയെന്നതാണ് വാരാചരണത്തിന്റെ ലക്ഷ്യം.

വാരാചരണത്തിന്റെ ഭാഗമായി നവംബർ 15,16,17 തീയതികളിൽ സംസ്ഥാനത്തെ എല്ലാ അയൽക്കൂട്ടങ്ങളിലും പ്രത്യേക യോഗങ്ങൾ സംഘടിപ്പിച്ചു. കൂടാതെ ജനപ്രതിനിധികളുൾപ്പെടെയുള്ളവർ സ്നേഹിത കോളിങ് ബെൽ ഗുണഭോക്താക്കളുടെ വീടുകൾ സന്ദർശിക്കുന്നത് ഉൾപ്പെടെയുള്ള പരിപാടികളും വാരാചരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ചു.





Printed and published by S. Harikishore IAS, Executive Director, Kudumbashree, State Poverty Eradication Mission, Government of Kerala, 2nd Floor, TRIDA Building, Chalakkuzhi Road, Medical College P.O., Thiruvananthapuram - 695011, Kerala. Editor: Asha Varghese
Associate Editors: Chaithanya. G, Manjary Asok, Asha S. Panicker. Design: Arun. S Publicity:Sreebal B.S , E-mail: prteamkshreeho@gmail.com